**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6743** **11-07-2024 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് മണ്ഡലത്തിൽപ്പെട്ട അളഗപ്പ നഗർ ഇ.എസ്.ഐ. ഡിസ്പെൻസറി കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട അളഗപ്പ നഗർ ഇ.എസ്.ഐ. ഡിസ്പെൻസറി കെട്ടിടത്തിന്റെ സീലിംഗ് തകർന്ന് ജീർണ്ണാവസ്ഥയിലായിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇ.എസ്.ഐ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നത് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഇ.എസ്.ഐ. കോർപ്പറേഷൻ മുഖാന്തിരമാണ്. അളഗപ്പ നഗർ ഇ.എസ്.ഐ. ഡിസ്പെൻസറിയിലെ അറ്റകുറ്റപ്പണികൾ വേഗത്തിലാക്കാനും ഇക്കാര്യത്തിൽ കാലതാമസം ഉണ്ടാകുന്നപക്ഷം ഡിസ്പെൻസറിയെ മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ ഇ.എസ്.ഐ. കോർപ്പറേഷന് കത്ത് നൽകിയിട്ടുണ്ട്. ഇ.എസ്.ഐ. കോർപ്പറേഷന്റെ പോളിസി ഗൈഡ് ലൈൻസ് അനുസരിച്ച് അളഗപ്പ നഗർ ഇ.എസ്.ഐ. ഡിസ്പെൻസറിയുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി കേന്ദ്ര പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ചിട്ടുണ്ട്.<br><br>സ്പെഷ്യൽ റിപ്പയർ കാറ്റഗറിയിലായി ബ്രാഞ്ച് ഓഫീസും ഡിസ്പെൻസറിയും ഉൾപ്പെടുത്തി ഒരു സമഗ്ര എസ്റ്റിമേറ്റ് സമർപ്പിക്കാൻ ഇ.എസ്.ഐ. കോർപ്പറേഷൻ അവശ്യപ്പെട്ടതിനെ തുടർന്ന് കേന്ദ്ര പൊതുമരാമത്ത് വകുപ്പ് അളഗപ്പ നഗറിലെ ഡിസ്പെൻസറി കോംപ്ലക്സിനുള്ള സ്ട്രക്ച്ചറൽ കൺസൾട്ടൻസി ജോലികൾക്കായി 2,10,000/- രൂപയുടെ enabling estimate സമർപ്പിക്കുകയും ഇ.എസ്.ഐ കോർപ്പറേഷൻ ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര പൊതുമരാമത്ത് വകുപ്പ് Structural stability ടെസ്റ്റുകൾ നടത്താൻ തൃശ്ശൂർ എൻജിനീയറിങ് കോളേജിനെ ഏൽപ്പിക്കുകയും കോളേജ് അധികൃതർ സ്ഥലം പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. അടിയന്തിര പ്രാധാന്യത്തോടെ അറ്റകുറ്റപ്പണികൾ ഏറ്റെടുത്ത് പൂർത്തീകരിക്കുന്നതിന് കേന്ദ്ര പൊതുമരാമത്ത് |

| | | | |
|---|---|---|---|
| | | | **വകുപ്പിനോട് ഇ.എസ്.ഐ. കോർപ്പറേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്.** |
| (ബി) | അനേകം തൊഴിലാളികളുടെയും, കുടുംബാംഗങ്ങളുടെയും പ്രധാന ആശ്രയമായ പ്രസ്തുത സ്ഥാപനത്തിന്റെ കെട്ടിടം പുതുക്കിപ്പണിയുന്നതിനും, അടിയന്തര അറ്റകുറ്റപ്പണികൾ നടത്തി അപകടാവസ്ഥ പരിഹരിക്കുന്നതിനുമായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; വ്യക്തമാക്കാമോ? | (ബി) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇ.എസ്.ഐ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നത് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഇ.എസ്.ഐ. കോർപ്പറേഷൻ മുഖാന്തിരമാണ്. അളഗപ്പ നഗർ ഇ.എസ്.ഐ. ഡിസ്പെൻസറിയിലെ അറ്റകുറ്റപ്പണികൾ വേഗത്തിലാക്കാനും ഇക്കാര്യത്തിൽ കാലതാമസം ഉണ്ടാകുന്നപക്ഷം ഡിസ്പെൻസറിയെ മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ ഇ.എസ്.ഐ. കോർപ്പറേഷന് കത്ത് നൽകിയിട്ടുണ്ട്. ഇ.എസ്.ഐ. കോർപ്പറേഷന്റെ പോളിസി ഗൈഡ് ലൈൻസ് അനുസരിച്ച് അളഗപ്പ നഗർ ഇ.എസ്.ഐ. ഡിസ്പെൻസറിയുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി കേന്ദ്ര പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ചിട്ടുണ്ട്.**<br><br>**സ്പെഷ്യൽ റിപ്പയർ കാറ്റഗറിയിലായി ബ്രാഞ്ച് ഓഫീസും ഡിസ്പെൻസറിയും ഉൾപ്പെടുത്തി ഒരു സമഗ്ര എസ്റ്റിമേറ്റ് സമർപ്പിക്കാൻ ഇ.എസ്.ഐ. കോർപ്പറേഷൻ അവശ്യപ്പെട്ടതിനെ തുടർന്ന് കേന്ദ്ര പൊതുമരാമത്ത് വകുപ്പ് അളഗപ്പ നഗറിലെ ഡിസ്പെൻസറി കോംപ്ലക്സിനുള്ള സ്ട്രക്ച്ചറൽ കൺസൾട്ടൻസി ജോലികൾക്കായി 2,10,000/- രൂപയുടെ enabling estimate സമർപ്പിക്കുകയും ഇ.എസ്.ഐ കോർപ്പറേഷൻ ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര പൊതുമരാമത്ത് വകുപ്പ് Structural stability ടെസ്റ്റുകൾ നടത്താൻ തൃശ്ശൂർ എൻജിനീയറിംങ് കോളേജിനെ ഏൽപ്പിക്കുകയും കോളേജ് അധികൃതർ സ്ഥലം പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. അടിയന്തിര പ്രാധാന്യത്തോടെ അറ്റകുറ്റപ്പണികൾ ഏറ്റെടുത്ത് പൂർത്തീകരിക്കുന്നതിന് കേന്ദ്ര പൊതുമരാമത്ത് വകുപ്പിനോട് ഇ.എസ്.ഐ. കോർപ്പറേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ